പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം,
ഹൗസിങ് ബോർഡ് ബിൽഡിങ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

എസിഡി.എസ്പിസി(1)/190509/2020/എച്ച്.എസ്.ഇ തീയതി: 30/12/2020

# സർക്കുലർ

വിഷയം: **2021-22 അധ്യയന വർഷത്തേക്കുള്ള ഹയർ സെക്കൻഡറി പാഠപുസ്തകങ്ങളുടെ ഓൺലൈൻ ഇന്റന്റിങ് ആരംഭിക്കുന്നത് - സംബന്ധിച്ച്.**

2021-22 അധ്യയന വർഷത്തേക്കാവശ്യമായ **പാഠപുസ്തകങ്ങളുടെ ഓൺലൈൻ ഇന്റന്റിങ് 30/12/2020 മുതൽ 11/01/2021 ന് വൈകിട്ട് മൂന്നു മണി വരെ** എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിൽ നിന്നും (അൺഎയ്ഡഡ് ഉൾപ്പെടെ) ചെയ്യാവുന്നതാണ്. മുൻ വർഷങ്ങളിൽ ഉപയോഗിച്ചിരുന്ന പോർട്ടലിന് പകരമായി ചുവടെ ചേർത്തിരിക്കുന്ന പുതിയ വെബ്പോർട്ടലിലൂടെ വേണം ഇന്റന്റിങ് നിർവ്വഹിക്കാൻ.

www.hse.kite.kerala.gov.in

- പോർട്ടലിൽ കയറിക്കഴിയുമ്പോൾ ആദ്യപടിയായി ലോഗിൻ ഏരിയയ്ക്ക് താഴെയായി കാണുന്ന 'Register Here' ലിങ്കിൽ കയറി ആവശ്യപ്പെട്ടിരിക്കുന്ന വിശദാംശങ്ങൾ (പിൻകോഡ്, ഫോൺ നമ്പർ ഉൾപ്പെടെ) നൽകി രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. എങ്കിൽ മാത്രമേ ലോഗിൻ ഐ.ഡി.യും പാസ്‌വേഡും ലഭ്യമാകുകയുള്ളൂ. ഇപ്രകാരം രജിസ്ട്രേഷൻ ചെയ്യുമ്പോൾ ലഭിക്കുന്ന User ID -യും Password -ഉം ഉപയോഗിച്ചു മാത്രമേ ലോഗിൻ സാധ്യമാകുകയുള്ളൂ.
- തുടർന്ന് ലോഗിൻ ഐ.ഡി.യും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക.
- ആദ്യം പ്ലസ് വൺ പാഠപുസ്തകങ്ങളുടെ വിശദാംശങ്ങൾ നൽകി വിവരങ്ങൾ 'Save' ചെയ്യുക. **(യാതൊരു കാരണവശാലും പ്ലസ്ടു പാഠപുസ്തകങ്ങളുടെ എണ്ണം കൂടി നൽകാതെ 'Confirm'** ചെയ്യാൻ പാടില്ല)
- തുടർന്ന് പ്ലസ്ടു പാഠപുസ്തകങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി 'Save' ചെയ്യുക.
- കൊടുത്ത വിവരങ്ങൾ കൃത്യമായി 'Save' ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രം 'Confirm' ചെയ്യുക.

- ലോഗിൻ ഐ.ഡി.യും പാസ്‌വേഡും തുടർ ഉപയോഗത്തിനായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- നിലവിലുള്ള സ്റ്റോക്ക് പരിശോധിച്ചതിനുശേഷം മാത്രം 2021-22 ലേക്കുള്ള പാഠപുസ്തകങ്ങൾ ഇന്റന്റ് ചെയ്യുക.
- ഇന്റന്റിംങ് സംവിധാനത്തിൽ തകരാറുള്ളപക്ഷം, ഇ-മെയിൽ വിലാസമായ highersecondarytextbooks@gmail.com -ൽ അറിയിക്കാവുന്നതാണ്.
- ഇന്റന്റ് 'Confirm' ചെയ്തശേഷം ആയത് പ്രിന്റെടുത്ത് നിർബന്ധമായും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

വിദ്യാർത്ഥികൾക്ക് ആവശ്യമുള്ളത്രയും പുസ്തകങ്ങൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടത് പ്രിൻസിപ്പലിന്റെ ചുമതലയാണെന്നതിനാൽ ഇന്റന്റ് കൃത്യസമയത്ത് തന്നെ പൂർത്തിയാക്കണമെന്നറിയിക്കുന്നു.

ഒപ്പ്

ജോയിന്റ് ഡയറക്ടർ (അക്കാദമിക്)